# II റൂളിംഗ്

## നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം

മി. സ്പീക്കർ: ഇന്നലെ (7-2-2013) സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രീമതി കെ. കെ. ലതിക, ശ്രീമതി കെ. എസ്. സലീഖ, ശ്രീമതി പി. അയിഷാ പോറ്റി, ശ്രീമതി ജമീലാ പ്രകാശം എന്നീ അംഗങ്ങൾ ചെയറിന്റെ ഡയസ്സിൽ കയറി മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തു. ഫെബ്രുവരി മാസം 4-ാം തീയതിയും ചെയറിന്റെ ഡയസ്സിൽ 5 അംഗങ്ങൾ കയറി മുദ്രാവാക്യം വിളിച്ച സംഭവം ഉണ്ടായതാണ്. അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നപ്പോൾ ചെയർ ഒരു മൃദുനിലപാട് സ്വീകരിക്കുകയും ശിക്ഷണനടപടി ഒഴിവാക്കുകയും ചെയ്തു. പ്രതിഷേധിക്കുവാനുള്ള അവകാശം എല്ലാപേർക്കുമുണ്ട്. അത് എത്രത്തോളം ആകാമെന്നത് അംഗങ്ങൾ തന്നെ സ്വയം തീരുമാനിക്കട്ടെ എന്ന നിലപാടാണ് അക്കാര്യത്തിൽ ചെയർ സ്വീകരിച്ചത്. എന്നാൽ ചെയറിന്റെ ഈ നിലപാടിനെ ഒരു ബലഹീനതയായി കണക്കാക്കി 4 വനിതാ സാമാജികർ ഡയസ്സിൽ കയറി ചെയറിനുചുറ്റും വളഞ്ഞുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തിയത് ചെയർ എടുത്ത മാന്യമായ നിലപാടിനെ അവഹേളിക്കുന്ന ഒന്നാണ്. സഭയുടെ നടുത്തളത്തിൽ വന്ന് അംഗങ്ങൾ പ്രതിഷേധിക്കുമ്പോൾ വാച്ച് ആന്റ് വാർഡിനെ സഭയ്ക്കുള്ളിൽ വിളിക്കുന്ന പതിവുപോലും ചെയർ ഉപേക്ഷിക്കുകയുണ്ടായി. 14-10-2011-ന് സഭയിലുണ്ടായ ചില ദൗർഭാഗ്യകരമായ സംഭവങ്ങൾക്കുശേഷം സഭയ്ക്കുള്ളിൽ വാച്ച് ആന്റ് വാർഡ് പ്രവേശിക്കുന്നത് പൂർണ്ണമായും ഒഴിവാക്കിയത് സഭ സംഘർഷത്തിന്റെ വേദിയാകരുത് എന്നുള്ള സദുദ്ദേശ്യത്തോടുകൂടിയാണ്. എന്നാൽ ഇന്നലത്തെ സംഭവങ്ങൾ കാണിക്കുന്നത് ചെയർ സദുദ്ദേശ്യത്തോടുകൂടി എടുത്ത ഈ തീരുമാനം അംഗങ്ങൾ അതിന്റെ ഗൗരവത്തിലും അർത്ഥത്തിലും എടുത്തിട്ടില്ല എന്നുള്ളതാണ്. അതിൽ ചെയറിന് ദുഃഖമുണ്ട്. അംഗങ്ങളുടെ അച്ചടക്കലംഘനം നിരുത്സാഹപ്പെടുത്തുവാൻ കക്ഷിനേതാക്കന്മാരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകാതിരുന്നതിൽ ചെയറിന് ഖേദവും അത്ഭുതവുമുണ്ട്. സഭാസമ്മേളനം സുഗമമായി നടത്തുന്നതിന് ഈ സമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ ചെയറിന് സഹകരണം വാഗ്ദാനം ചെയ്തിരുന്നു. ഇതുവരെ നേതാക്കന്മാരിൽ നിന്നുണ്ടായ സഹകരണത്തിന് ചെയറിന് നന്ദിയുമുണ്ട്. പക്ഷെ ഈ സമ്മേളനത്തിന്റെ തുടക്കം മുതൽ സഹകരണം ലഭിച്ചിരുന്നില്ല എന്നു പറയേണ്ടിവന്നതിൽ ചെയർ ഖേദിക്കുന്നു. വാച്ച് ആന്റ് വാർഡിനെ ഒഴിവാക്കിയ സാഹചര്യം മുതലെടുത്താണ് 4 വനിതാ സാമാജികർ ഡയസ്സിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തത്. ഈ അംഗങ്ങളുടെ പെരുമാറ്റം കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള കടുത്ത അനാദരവുമാണ്. അതിനാൽ പ്രസ്തുത പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 53 പ്രകാരം ശ്രീമതി കെ. കെ. ലതിക, ശ്രീമതി കെ. എസ്. സലീഖ,

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

ശ്രീമതി പി. അയിഷാ പോറ്റി, ശ്രീമതി ജമീലാ പ്രകാശം എന്നീ അംഗങ്ങളെ ചെയർ ശാസിക്കുന്നു. മേലിൽ ഇത്തരത്തിലുള്ള നടപടികൾ അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായാൽ കർശന നടപടി സ്വീകരിക്കുവാൻ ചെയർ നിർബന്ധിതനാകും എന്നുകൂടി അംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. സഭയുടെ അന്തസ്സും ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും നിലനിർത്താൻ എല്ലാ അംഗങ്ങളും ബാധ്യസ്ഥരാണെന്നുള്ള വസ്തുത ഓർമ്മിപ്പിച്ചുകൊണ്ട് സഭാനടപടി സുഗമമായി നടത്തുവാൻ എല്ലാവരുടേയും സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

## III അടിയന്തര പ്രമേയം

### ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ അട്ടിമറി

മി. സ്പീക്കർ: ഓർഡിനൻസ് വഴി പിരിച്ചുവിടപ്പെട്ട 14 ജില്ലാ ബാങ്ക് ഭരണ സമിതികളിലേക്ക് ഫെബ്രുവരി മാസം 10, 11 തീയതികളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഭരണസംവിധാനം ഉപയോഗിച്ച് അട്ടിമറി നടത്തുന്നതിനുള്ള ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ജില്ലാ സഹകരണ

9.34.AM.] ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2007-ൽ ഭൂരിപക്ഷം അംഗങ്ങളേയും ഒഴിവാക്കി തെരഞ്ഞെടുപ്പ് നടത്തിയത് ജനാധിപത്യപരമല്ലെന്നും എല്ലാ അംഗങ്ങൾക്കും വോട്ടവകാശം നൽകണമെന്നുള്ള സഹകാരികളുടെ പൊതു ആവശ്യം കണക്കിലെടുത്ത് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി എല്ലാവർക്കും വോട്ടവകാശം നൽകാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഇതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത എല്ലാ കേസുകളിലും ഹൈക്കോടതി ഈ ഭേദഗതി ശരിവയ്ക്കുകയാണുണ്ടായത്. 11-12-2007-ൽ നിലവിലുണ്ടായിരുന്ന എല്ലാ അംഗങ്ങൾക്കും വോട്ടവകാശം സിദ്ധിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനാണ്. വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയ ശേഷം ആർക്കും അംഗത്വം നൽകിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ, പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ മറുപടി പറയുകയാണ്. ഇത് ഭരണകക്ഷിക്കുംകൂടി വേണ്ടിയുള്ള മറുപടിയാണ്. നിങ്ങൾക്കാർക്കും ഇതിൽ താല്പര്യമില്ലെങ്കിൽ പിന്നെ എങ്ങനെയാണ്? സഭ തുടങ്ങിയിട്ട് ഒരു മണിക്കൂർ കഴിഞ്ഞതല്ലേയുള്ളൂ; നിങ്ങൾ ഇത്ര അസ്വസ്ഥരായാലോ?. അവർ, ഇവർ എന്നു പറയണ്ട. ഞാൻ സഭയിലെ മൊത്തം



LIBRARY ARCHIVES Kerala Legislative Assembly